# APPLICATION UNDER RIGHT TO INFORMATION ACT-2005

To

The State Public Information Officer
KSEB, Section Office
Kulathoor
Trivandrum

സർ,

1. കുളത്തൂർ സെക്ഷൻ ആഫീസിന്റെ പരിധിയിൽ വരുന്ന പൗൺട്കടവ്  കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ പരിധിയിൽ വരുന്ന, മാസങ്ങളായി കത്താത്ത അനേകം തെരുവ് വിളക്കുകൾ കത്തിക്കണമെന്ന് വാർഡ് കൗൺസിലറും, കൈരളി നഗർ റസിഡന്റ്സ് അസോസിയേഷനും പലതവണ കത്തുകൾ നൽകിയിട്ടും അവ കത്തിക്കാൻ നടപടി സ്വീകരിക്കാത്തതെന്തുകൊൺട്?
2. തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്ന തെരുവ് വിളക്കുകൾ യഥാസമയം റിപ്പയർ ചെയ്ത് കത്തിക്കുന്നതിനുള്ള ചുമതല ആർക്കാണ്?
3. മേൽപ്പറഞ്ഞ പ്രവർത്തിയ്ക്കുള്ള ചുമതല കെ.എസ്സ്.ഇ.ബി യ്ക്കാണെങ്കിൽ എന്തുകൊൺടാണ് ബോർഡ് യഥാസമയം അത് ചെയ്യാത്തത്?
4. തെരുവ് വിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ സാധനങ്ങൾ (ട്യൂബ് ലൈറ്റ്, ബൾബ്, സോഡിയം/മെർക്കുറി ലാമ്പുകൾ, മറ്റുപകരണങ്ങൾ) കെ.എസ്സ്.ഇ.ബി നേരിട്ട് വാങ്ങുകയാണോ? അതല്ലെങ്കിൽ, നഗരസഭ വാങ്ങി വിതരണം ചെയ്യുകയാണോ?
5. നഗരസഭയാണ് വിതരണം ചെയ്യുന്നതെങ്കിൽ ഈ കൗൺസിൽ അധികാരത്തിൽ വന്നതുമുതൽ കുളത്തൂർ സെക്ഷനുവേൺടി എത്ര ട്യൂബ് ലൈറ്റുകളും ബൾബുകളും ലഭിച്ചു?
6. കുളത്തൂർ സെക്ഷൻ ആഫീസ് പരിധിയിൽ വരുന്ന നഗരസഭാ വാർഡുകൾ ഏതെല്ലാം?
7. പുതിയ നഗരസഭാ കൗൺസിൽ നിലവിൽ വന്നതുമുതൽ ലഭിച്ച ട്യൂബ് ലൈറ്റുകളും ബൾബുകളും ഓരോ വാർഡിനും എത്ര വീതം അനുവദിച്ചു? അനുവദിച്ചതിന്റെ മാന ദണ്ഡം എന്താണ്?
8. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് കത്തിക്കുന്ന ജോലി ബോർഡ് ജീവനക്കാരെ കൊൺടാണോ/കരാർ അടിസ്ഥാനത്തിലാണോ, അതല്ലെങ്കിൽ നഗരസഭ നേരിട്ടാണോ ചെയ്യിക്കുന്നത്?
9. തെരുവ് വിളക്കുകൾ കത്താതായാൽ പൊതുജനം ആരോടാണ് പരാതിപ്പെടേൺടത്?

മേൽപ്പറഞ്ഞ വിവരങ്ങൾ വിവരാവകാശ നിയമം 2005 പ്രകാരം അടിയന്തിരമായി നൽകണമെന്നഭ്യർത്ഥിക്കുന്നു. അപേക്ഷാഫീസായി 10 രൂപയുടെ കോർട്ട്ഫീസ് സ്റ്റാമ്പ് പതിച്ചിട്ടുൺട്.

കൈരളി നഗർ,
13.8.2012

സെക്രട്ടറി
കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ